(ബി) മുണ്ടായയിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുന്നതിനുവേണ്ടി 11.30 കോടി രൂപയുടെ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പമ്പാ നദിയിലെ മാലിന്യ നിർമ്മാർജ്ജനം

53T [3194] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. ബാബു:
,, അടൂർ പ്രകാശ്:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് കേന്ദ്രം ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി കേന്ദ്രം എന്തു തുക അനുവദിച്ചു;

(സി) പ്രസ്തുത പദ്ധതിയിൻമേൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കുന്നതിനാണ് ഈ തുക അനുവദിച്ചത്;

(ഡി) ഈ പദ്ധതി എത്ര കാലം കൊണ്ടാണ് നടപ്പാക്കേണ്ടത്?

ഉത്തരം

(എ) പദ്ധതിക്ക് ഭാഗീകമായി അനുമതി നൽകിയിട്ടുണ്ട്.

(ബി) 12.92 കോടി രൂപ.

(സി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കേണ്ടുന്ന കാര്യങ്ങൾ ചുവടെ നൽകുന്നു:

(1) ശബരിമലയിൽ പ്രതിദിനം 3 ദശലക്ഷം ലിറ്റർ ശേഷിയുള്ള മലിനജല ശുദ്ധീകരണശാല സ്ഥാപിക്കൽ

(2) പമ്പയിൽ പ്രതിദിനം 1.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഒരു മലിനജല ശുദ്ധീകരണശാല സ്ഥാപിക്കൽ.

(3) ശബരിമലയിലും പമ്പയിലും മലിനജലം ശേഖരിക്കുവാൻ വേണ്ടിയുള്ള പൈപ്പുലൈനുകൾ, സംഭരണി, പമ്പ്ഹൗസ് എന്നിവ സ്ഥാപിക്കൽ.

(4) പമ്പയിൽ 300 കക്കൂസുകളും ശബരിമലയിൽ 400 കക്കൂസുകളും 100 കുളിമുറികളും സ്ഥാപിക്കൽ.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(5) ശബരിമലയിലും പമ്പയിലുമുള്ള ഖരമാലിന്യങ്ങൾ ശേഖരിക്കുവാനും നിർമ്മാർജ്ജനം ചെയ്യുവാനുമുള്ള പ്രവർത്തികൾ.

(6) ശബരിമലയിലും പമ്പയിലും നിലവിലുള്ള ഓടകൾ വേർതിരിച്ച് പുതിയവ സ്ഥാപിക്കൽ.

(7) ശബരിമലയിലും പമ്പയിലും മൊബൈൽ ലാട്രിൻസ് സ്ഥാപിക്കൽ.

(8) പമ്പയിലുള്ള കാക്കത്തോടിനും ഉരക്കുഴിതീർത്ഥത്തിനും കുറുകെ സ്വീവേജ് ഇന്റർ സെപ്ഷൻ ബാരിയർ സ്ഥാപിക്കൽ.

(9) പമ്പാ നദിയിലും കക്കി നദിയിലും സ്റ്റോറേജ് വിയേഴ്സ് സ്ഥാപിക്കലും അനുബന്ധ ജോലികളും.

(10) ആറാട്ടുകടവിൽ കുളിക്കടവിനു താഴെയായി അണ കെട്ടി ഞുണുങ്ങാർ നദിയിൽകൂടി പമ്പാനദിയിലെ കുളിക്കടവിൽ പ്രവേശിക്കുന്ന മാലിന്യങ്ങൾ തടയുക.

(11) പമ്പാ നദിയിൽ നിലവിലുള്ള സ്നാനഘട്ടത്തിന് ഇടതുവശത്തായി പുതിയ സ്നാനഘട്ടവും അനുബന്ധ പണികളും നടത്തുക.

(ഡി) 2003 മുതൽ 4 വർഷക്കാലയളവിനുള്ളിൽ.

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി

54 [3195] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 മുതൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് പണം കിട്ടുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി 1998 മുതൽ ജില്ലകൾ തോറും ലക്ഷങ്ങൾ അനുവദിക്കപ്പെടുമ്പോൾ റവന്യൂ അധികൃതർക്ക് പ്രസ്തുത തുക ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാദ്ധ്യമാവുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നത്തിൽ എന്തു നിലപാടാണ് സർക്കാർ കൈക്കൊള്ളുക എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പ് വരൾച്ചാ ദുരിതാശ്വാസത്തിനായി തുക അനുവദിക്കുന്നത് ജില്ലാ കലക്ടർമാർക്കാണ്. അത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly